പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 962 — 20/03/2012 ൽ മറുപടിയ്ക്ക്

## മുഹമ്മ എസ്.എൻ.വി സ്ക്കൂളിന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | നിരവധി വർഷത്തെ സേവന പാരമ്പര്യമുള്ള പല എയ്ഡഡ് സ്ക്കൂളുകളിലും പ്രാഥമിക സൗകര്യങ്ങളുടെ പോലും അഭാവം നിലനിൽക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| ബി) | എൽ.പി., യു.പി., ഹൈസ്ക്കൂൾ വിഭാഗത്തിൽ പെടുന്ന ഇത്തരം സ്ക്കൂളുകളുടെ നവീകരണത്തിനും പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഇത്തരം സ്കൂളുകളുടെ നവീകരണത്തിനും പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്. |
| സി) | അടിസ്ഥാന സൗകര്യവും പഠന സൗകര്യവും മെച്ചപ്പെടുത്തുന്നതിൽ അലംഭാവം കാണിക്കുന്ന മാനേജ്മെന്റുകളിൽ നിന്നും അവർ അനുവദിക്കുന്നപക്ഷം സ്ക്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയോ ഇല്ലെങ്കിൽ പ്രത്യേക പാക്കേജുകളും സഹായവും നൽകി ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ നടപടി സ്വീകരിക്കുമോ ; | സി) | പരിശോധിക്കുന്നതാണ്. |

(ഡി) മുഹമ്മ എസ്.എൻ.വി. യു.പി. സ്ക്കൂളിന്റെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും, കെട്ടിടങ്ങൾ, സ്ക്കൂൾ ഗ്രൗണ്ട്, കമ്പ്യൂട്ടർ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ' സൃഷ്ടിക്കുന്നതിനും അടിയന്തിര സഹായം ലഭ്യമാക്കുമോ ?

(ഡി) മുഹമ്മ എസ്.എൻ.വി സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളിലെ പോരായ്മ വിദ്യാഭ്യാസ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, എസ്.എസ്.എ മുതലായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം സ്കൂൾ അധികൃതർക്കും പി.ടി.എ യ്ക്കും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ